യ്യിട്ടില്ലെന്നു പറഞ്ഞതുകൊണ്ട് ഞാൻ ഈ കട്ട്മോഷൻ ഇവിടെ പ്രസ്സുചെയ്യേണമെന്നു ഉദ്ദേശിക്കുന്നില്ല.

Motion, by leave, withdrawan.

(iii) Failure of the Minister for Food and Education in the discharge of his duties on account of his frequent trips to New Delhi

Mrs. T. Francis *(Ernakulam-Women)* : I beg to move cut motion No. 3 to reduce the allotmont of Rs. 24,000 for Huzur Secretariat—Minister's salary in Demand No. 17 by Rs. 4. (To discuss the failure of the Hon'ble Minister for Food and Education in discharging his duties as Minister on account of his frequent trips to New Delhi).

സർ, വിദ്യാഭ്യാസമന്ത്രി ഇവിടത്തെ ജനപ്രതിനിധി ആയിരിക്കെ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലിയിലേക്കു പല സംഗതികളും നടത്തുവാനായി ഈ രാജ്യം വിടേണ്ടിവന്നിരിക്കുന്നു. അപ്പോൾ അദ്ദേഹത്തിൻറെ ഇവിടത്തെ കൃത്യം ശരിയാംവണ്ണം നിർവ്വഹിക്കുന്നതിനുവേണ്ടി, പ്രത്യേകിച്ചു ഭക്ഷണക്ഷാമമുള്ള ഈ സന്ദർഭത്തിൽ അദ്ദേഹം ഇവിടെ ഇല്ലാതിരിക്കുന്നതിൽ പലർക്കും ഒരു മുറുമുറുപ്പുണ്ടായിരുന്നു. അദ്ദേഹം ഡൽഹിയിലേക്കു പോകുന്നതുകൊണ്ട് ഇവിടത്തെ കായ്ക്കുങ്കം പല വീഴ്ചകളും ഉണ്ടാകാൻ ഇടയുണ്ടെന്നു പലർക്കും സംശയം ഉള്ളതുകൊണ്ട് അതൊന്നു വിശദീകരിക്കുന്നതിനു വേണ്ടിയാണു ഞാൻ ഈ കട്ട്മോഷൻ കൊണ്ടുവന്നിരിക്കുന്നതു്. അതുകൂടാതെ ഈ രണ്ടു സംഗതികളും കൂടി അദ്ദേഹത്തെകൊണ്ടു നടത്തുവാൻ സാധ്യമാകുമോ എന്നുള്ള കാര്യത്തിൽ വളരെ സംശയം എനിക്കും ഇല്ലാതെയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ സാധ്യമായിട്ടില്ലെ?

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സാധിക്കുന്നുണ്ടെങ്കിൽ അതു വലിയ കാര്യംതന്നെയാണു്. പക്ഷെ, കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലിയിൽ മെമ്പറായിരിക്കുന്നിടത്തോളം കാലം ഈ ഖണ്ഡം നാട്ടുരാജ്യങ്ങളിലെ മിനിസ്റ്റർമാരായിരിക്കുകയും ചെയ്യുവാൻപാടില്ലെന്നുള്ള ഒരു തീരുമാനം ഉണ്ടായതായിട്ട പത്രത്തിൽ വായിച്ചതായി ഞാൻ ഓർക്കുന്നുണ്ടു്. അതു നമ്മുടെ സ്റ്റേറ്റിലേക്കും ബാധകമായിരിക്കുമോ എന്നറിഞ്ഞുകൂടാ. അതിനാൽ ഒരു വിശദീകരണവുംകൂടി കിട്ടാൻവേണ്ടിയാണു് ഞാൻ ഇതു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ കഴിഞ്ഞ ആഴ്ചമുതൽ നമ്മുടെ റേഷൻ വളരെ വിഷമത്തിലായിട്ടുണ്ടു്. ആരും അറിയാതെ ഒരു ദിവസം രാവിലെ നമ്മുടെ ഭക്ഷണറേഷൻ കുറച്ചു—ആളുകളൊക്കെപ്പട്ടിണി അമ്പരന്നുപോയി—പിന്നേയും റേഷൻ കുറഞ്ഞു. തിങ്കളാഴ്ച അതിനെപ്പറ്റി ഒരു വിശദീകരണം കിട്ടി. എങ്കിലും ഈ വിഷമങ്ങൾക്കു ഒരു പരിഹാരം ഉണ്ടാകുമോ എന്നു വിചാരിക്കുവാൻ പാടില്ലാത്തവിധത്തിലുള്ള സ്ഥിതിഗതികളാണു് നാട്ടിലുണ്ടായിരിക്കുന്നതെന്നു് ഓർക്കേണ്ടതാണു്.

Mr. President: Are you connecting it with the subject of the motion, otherwise it is irrelevant.

മിസ്സിസ്സ് ടി. ഫ്രാൻസിസ്: ഡൽഹിയിലേക്കു പോകുന്നതുകൊണ്ടു ഇവിടത്തെ കായ്ക്കുങ്കം കുഴപ്പം നോക്കാൻ സാധിക്കാത്തതിൻറെ വിഷമഫലങ്ങൾ നാം അനുഭവിച്ചുകഴിഞ്ഞു. അതുകൊണ്ടു് ഈ രണ്ടുകായ്ക്കുങ്കളുംകൂടി നടത്തുവാൻ സാധിക്കുമോ എന്നുള്ളകാര്യത്തിൽ ഒരു വിശദീകരണം ആവശ്യമാണു്.

മിസ്റ്റർ കെ. എ. രാഘവൻ: സർ, അതി ഗൌരവമേറിയ ഒരു ഡിപ്പാർട്ടുമെണ്ടെന്നു പറഞ്ഞാൽ ഈ കാലഘട്ടത്തിൽ അതിപ്രധാനമായ ഭക്ഷണവകുപ്പിൻറെ മേധാവിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിഅവർകളുടെ തുടരെ തുടരെയുള്ള ഡൽഹിയാത്രയെപ്പറ്റി അദ്ദേഹം ഉൾക്കൊള്ളുന്ന സംഘടനകൾതന്നെ പ്രജാമണ്ഡലം മന്ത്രിയുടെ പ്രവൃത്തിമണ്ഡലം കൊച്ചിയിലൊ ഡൽഹിയിലൊ വേണ്ടതെന്നുള്ള കാര്യം തീർച്ചപ്പെടുത്തണമെന്നുള്ള അഭിപ്രായം പത്രദ്വാരാ കാണുവാൻ ഇടയായി. അദ്ദേഹത്തിൻറെ ഇവിടത്തെ അസാന്നിദ്ധ്യംമൂലം ഉണ്ടായ ഒന്നു രണ്ടു ചെറിയ സംഗതികളെ ഞാനിവിടെ ചൂണ്ടികാണിച്ചുകൊള്ളട്ടെ. വെളിച്ചെണ്ണയുടേയും മറവും കൺട്രോൾകായ്ക്കും എത്രപ്രാവശ്യം പതിഞ്ഞുചാടി എന്നും എത്രപ്രാവശ്യം കുതിച്ചു ചാടി എന്നും നാം കണ്ട സംഗതികളാണു്. അദ്ദേഹം അപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ അതിനെ സംബന്ധിച്ചു ഈ ആളുകളുമായി അപ്പോഴപ്പോൾ ഇടപെട്ടു സംസ്കാരിക്കുവാനും തൻമൂലം അവക്കും വെളിച്ചെണ്ണ ഉടമസ്ഥന്മാക്കും അതു ഉപയോഗിക്കുന്ന ആളുകൾക്കും ഉണ്ടാകുന്ന കഷ്ടപ്പാടുകൾ അപ്പപ്പോൾ പരിഹരിക്കുന്നതിനു എളുപ്പ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Raghavan]

മായിരുന്നു. വേറെ ഒരു സംഗതി നോക്കുകയാണെങ്കിൽ വിദ്യാർത്ഥികൾ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകളാണ്—ടെക്സ്റ്റ് ബുക്കുകൾ ചില ക്ലാസ്സുകളിൽ ഇതുവരെ കിട്ടിയിട്ടില്ല. അരിയുടെ വില വല്ലാതെയും, റേഷൻ വെട്ടിക്കുറവും ഞാൻ പറയുന്ന അദ്ദേഹം ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും അതിൽ ഇടപെടാവുന്ന ഒരു സംഗതി ആയിരുന്നു. മിനിഞ്ഞാന്ന അദ്ദേഹം ഈ സഭയിൽ പ്രസ്താവിച്ചതുപോലെ എടുക്കുവാനുദ്ദേശിക്കുന്ന നടപടികൾ ഒരു മാസത്തിനുമുമ്പ് എടുത്തിരുന്നു എങ്കിൽ ഈ അരി ആറ് ഔൺസ്സായി കുറക്കേണ്ടി വരികയില്ലായിരുന്നു. ചുരുക്കി പറയുകയാണെങ്കിൽ നാട്ടുമരുന്നുകച്ചവടക്കാരുടെ അനേകം കള്ളികളുള്ള ഔഷധപ്പെട്ടിപോലെ, വൈവിദ്ധ്യങ്ങളുടെ സമാഹാരഭാരമാണ് നമ്മുടെ വിഭവ വിദ്യാഭ്യാസ മന്ത്രിയുടെ ചുമലിൽ ഏറ്റിയിരിക്കുന്നത്. ഈ പെട്ടിയുടെ ഓരോ കള്ളികളിലും കണ്ണും കരളും ചെലുത്തുവാൻ സാധിക്കാത്ത ഒരു നിലയിലാണ് അദ്ദേഹത്തിന്റെ ഡൽഹിയാത്രായെന്ന് കൊച്ചിരാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഇന്ന കാലത്തു ചോദ്യോത്തരവേളയിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ കേരളകലാമണ്ഡലത്തെപ്പറ്റി ഒരു ചോദ്യം ചോദിച്ചപ്പോൾ ഞാൻ സാധാരണ ഇവിടെ ഉണ്ടാകാറില്ലെന്നും അതു ശരിയായി നോക്കീട്ടില്ലെന്നും ഇനി ഇവിടെ ഉണ്ടാകുമ്പോൾ ശരിയായ മറുപടി പറയാമെന്നും പറയുകയുണ്ടായി. ഈ കാര്യത്തിൽ ഞാൻ ചില ചില്ലറ ഉദാഹരണം പറഞ്ഞു എന്ന മാത്രമെയുള്ളൂ. അതുകൊണ്ടു തുടച്ചായുള്ള ഡൽഹിയാത്ര ചുരുക്കിവെക്കുകയോ, അല്ലാത്തപക്ഷം ഡൽഹിയാത്ര തുടർന്നുകൊണ്ടുപോവുകയോ, അതിൽ ഏതെങ്കിലും ഒന്ന് ചെയ്യേണ്ടതാണെന്നു ചുരുക്കി പറഞ്ഞുകൊണ്ട് തല്ക്കാലം ഞാൻ വിരമിക്കുന്നു.

മിസ്റ്റർ എം. കെ. രാജു: മിസ്റ്റർ പ്രസിഡണ്ട് സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു രണ്ടു വാക്കു പറയുവാൻ ഞാനും ആഗ്രഹിക്കുന്നു. പക്ഷെ ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള ആരോപണത്തിനു മറുപടി പറയുവാൻ എനിക്കു ചുമതലയില്ല. ആരെപ്പറ്റിയാണൊ ഈ ആക്ഷേപം കൊണ്ടുവന്നിട്ടുള്ളത് ആ ആളായ ബഹുമാനപ്പെട്ട വിഭവവിദ്യാഭ്യാസമന്ത്രിയാണ് ഇതിനു ഉത്തരം പറയേണ്ടതു്. അദ്ദേഹം അതു വേണ്ടരീതിയിൽ വേണ്ടസമയത്തു നിവ്വഹിച്ചുകൊള്ളുമെന്ന എനിക്കു നിശ്ചയമുണ്ട്.

എനിക്കു മനസ്സിലുള്ള കാര്യങ്ങൾ മാത്രമെ ഇതിനെപ്പറ്റി പറയുവാനുള്ളൂ. ഈ ഉപക്ഷേപത്തിൽ ഉപക്ഷേപകർത്രി വിഭവ വിദ്യാഭ്യാസ മന്ത്രിയുടെ കൂടെ കൂടെയുള്ള ഡൽഹിയാത്രകൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക കൃത്യനിവ്വഹണത്തിൽ പറ്റിപ്പോയിട്ടുള്ള വിലോപനങ്ങളെപ്പറ്റി അധിക്ഷേപിക്കുകയാണ് ചെയ്യുന്നതു്. എനിക്കു അവരോടു സന്തോഷപ്രദമായ ഒരു കാര്യം പറയുവാനുണ്ട്. ഞാനും അവരോടു് അരിൽ യോജിക്കുന്നുവെന്നുള്ളതാണ് അതു്. വിഭവവിദ്യാഭ്യാസമന്ത്രിയെപ്പറ്റി മാത്രമല്ല, കൊച്ചിയിൽ ഇന്ന അധികാരത്തിലുള്ള മറ്റു മന്ത്രിമാരെ സംബന്ധിച്ചും ഈ രാജ്യത്തിലുള്ള എല്ലാവർക്കുംതന്നെ വളരെ അധികം പ്രതീക്ഷകളൊക്കെയുണ്ട്, ഉണ്ടായിരുന്നു. ആവക പ്രതീക്ഷകളെ അവർ പ്രായോഗികമാക്കണമെന്നും, അവക്കു അതിനുള്ള അവസരം ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമസഭയും, കൊച്ചിയിലെ പൊതുജനങ്ങളും അവരെ അധികാരത്തിൽ അവരോധിച്ചിരിക്കുന്നതു്. ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ അദ്ദേഹത്തിന്റെ കൃത്യനിവ്വഹണത്തിൽ പ്രതീക്ഷിച്ചപോലെ വിജയം പ്രാപിച്ചിട്ടില്ലെന്ന എനിക്കും വിശ്വാസമുണ്ട്. അതായതു ഒരു പൌരന്റെ ശാരീരിക ആവശ്യത്തിനു ഏറ്റവും ചുരുങ്ങിയതെന്നു കേന്ദ്രഗവണ്മെണ്ടിന്റെ ഭക്ഷണവിദഗ്ദ്ധന്മാർ നിർദ്ദേശിച്ചിട്ടുള്ള ഫൂഡ് ഔൺസ് അരിയെങ്കിലും നമ്മുടെ നാട്ടിൽ ഓരോരുത്തർക്കും നമുക്കു നൽകുവാൻ സാധ്യമല്ലാത്ത ഒരു പരിതസ്ഥിതി നമ്മുടെ നാട്ടിൽ ഉണ്ടായിരിക്കുന്ന കാലത്തോളം ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ അദ്ദേഹത്തിന്റെ കൃത്യം നിവ്വഹിച്ചതായി ഞാൻ കണക്കാക്കുകയില്ല. നമ്മുടെ നാട്ടിൽ ഉടുതുണി കിട്ടാൻവേണ്ടി വിതരണോദ്യോഗസ്ഥന്മാരുടെ മുമ്പിൽ അനവധി ജനങ്ങൾ തിക്കിത്തിരക്കി കൂടുകയും അവസാനം ഒരു വാര തുണിപോലും കിട്ടാതെ നിരാശരായി മടങ്ങുകയും ചെയ്യുന്ന കാഴ്ച തുടരുന്ന കാലത്തോളം അദ്ദേഹം അദ്ദേഹത്തിന്റെ കൃത്യം നിവ്വഹിച്ചതായി ഞാൻ കണക്കാക്കുകയില്ല. അതുപോലെ തന്നെ കൊച്ചിരാജ്യത്തിലെ ഒരു കൊച്ചുകുട്ടിപോലും, പ്രതികൂലമായ പരിതസ്ഥിതികൾകൊണ്ടോ, സാമ്പത്തികമായ അവശതകൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടൊ വിദ്യാഭ്യാസം കിട്ടാതെ നിരക്ഷരനായിരിക്കുന്നകാലത്തോളം വിഭവ വിദ്യാഭ്യാസമന്ത്രി അദ്ദേഹത്തിന്റെ കൃത്യം നിവ്വഹിച്ചതായി ഞാൻ കണക്കാക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ—ഇവിടെയാണ് ഞാനും ഉപക്ഷേപകർത്രിയും തമ്മിലുള്ളഅഭിപ്രായ വ്യത്യാസം—ഞാൻ പറയുന്നതു് ഇതും അദ്ദേത്തിന്റെ ഡൽഹിയാത്രയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നാണു്.

ഈ പരിപാടികൾ നിവ്വഹിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ലെങ്കിൽ, ഇന്നത്തെ പ്രത്യേക രാഷ്ട്രീയസ്ഥിതിയെ, അദ്ദേഹം പ്രവത്തിയെടുക്കുന്ന രാഷ്ട്രീയ സ്ഥിതിയുടെ പരിമിതികൾ എന്നിവയെയല്ലാതെ അദ്ദേഹത്തിന്റെ ഡൽഹിയാത്രയെ അതിനു കുറ്റപ്പെടുത്തുവാൻ എന്നെ സംബന്ധിച്ചിടത്തോളം യാതൊരു കാരണവും കാണുന്നില്ല. അതിനു പുറമെ ഒരു കാര്യംകൂടി പ്രമേയകർത്രി ആലോചിക്കേണ്ടതായിരുന്നു. കൊച്ചിരാജ്യം വളരെ പ്രധാനമായ ഒരു രാഷ്ട്രീയ ഘട്ടത്തിലാണ് ഇന്നു നിലകൊള്ളുന്നതു്. നമ്മുടെ രാജ്യത്തെ പല രാഷ്ട്രീയ സങ്കേതങ്ങളിലും ഇന്നു ഒരു മാതൃകാ രാജ്യമായിട്ടാണു് കണക്കാക്കുന്നതു്. ഇന്ത്യൻ യൂണിയനിലെ ഒരവിഭാജ്യഘടകമെന്ന നിലയിൽ നമ്മുടെ ഗവണ്മെണ്ടും, കേന്ദ്ര ഗവണ്മെണ്ടുമായി നമുക്കു പലമാതിരിയുള്ള ബന്ധങ്ങളും പുലത്തിക്കൊണ്ടു വരേണ്ടതായി വന്നിരിക്കുന്നു. ഭക്ഷണകാര്യത്തിലും മറ്റു പല കാര്യങ്ങളിലും പരിമിതമായ പരിധിയിൽ പ്രവത്തനം നടത്തുന്ന നമ്മുടെ ഗവണ്മെണ്ടിനു കേന്ദ്രഗവണ്മെണ്ടിന്റെ സഹായവും സഹകരണവും കൂടാതെ പ്രവത്തിക്കാൻ നിവൃത്തിയില്ല. ആ നിലക്കു് നമ്മുടെ ഗവണ്മെണ്ടിലെ ഉത്തരവാദപ്പെട്ട മന്ത്രിമാക്കും ഉദ്യോഗസ്ഥന്മാക്കും ഇടയ്ക്കിടയ്ക്കു് ഡൽഹിയിൽ പോകേണ്ടതും കൂടിയാലോചന നടത്തേണ്ടതും പലപ്പോഴും വളരെ അനിവാര്യമായിരിക്കും. സാധാരണ ഈ കാര്യങ്ങൾ രണ്ടു തരത്തിൽ നിവ്വഹിക്കാവുന്നതാണു്. ഒന്നുകിൽ നമ്മുടെ ഗവണ്മെണ്ടിന്റെ സ്ഥിരമായ ഒരു പ്രതിനിധിയെ നമുക്കു ഡൽഹിൽ നിയമിക്കാം. മിക്ക പരിഷ്കൃത രാജ്യങ്ങളും മറ്റു രാജ്യങ്ങളുമായി വ്യാപാരപരവും രാഷ്ട്രീയവുമായ ബന്ധങ്ങൾ പുലത്തികൊണ്ടു പോരാൻ ആ രാജ്യങ്ങളിൽ സ്ഥിരമായ പ്രതിനിധികളെ നിയമിക്കുക പതിവുണ്ടു്. ഇന്ത്യാഗവണ്മെണ്ടു് ഇംഗ്ലണ്ടിൽ ഒരു ഹൈകമ്മീഷണരെ നിയമിച്ചിട്ടുണ്ടു്. ബ്രിട്ടീഷ് ഗവണ്മെണ്ടു ഇന്ത്യയിലും പാക്കിസ്ഥാനിലും വെവ്വേറെ ഓരോ ഹൈകമ്മീഷണരെ നിയമിച്ചിരിക്കുന്നു. അങ്ങിനെ ഗവണ്മെണ്ടുകൾ മറ്റു ഗവണ്മെണ്ടുകളുമായി അപ്പപ്പോൾ കൂടിയാലോചന നടത്തുന്നതിന്നായി സ്ഥിരം പ്രതിനിധികളെ നിയമിക്കുന്ന പതിവു ഇന്നു അംഗീകൃതമായ ഒരേർപ്പാടായിട്ടുണ്ടു്. നമ്മുടെ നാട്ടിലെ ഭരണാധികാരത്തിനു ഓരോ ആവശ്യം വരുമ്പോഴും കേന്ദ്ര ഗവണ്മെണ്ടുമായി കൂടിയാലോചന നടത്തി അവരിൽനിന്നു കിട്ടാവുന്ന സഹായങ്ങൾ നേടുന്നതിന്നായി അതാതു് സന്ദർഭങ്ങളിൽ നമ്മുടെ മന്ത്രിമാക്കു അങ്ങോട്ടു പോകാതെ സാധ്യമല്ല. ഈ നിലക്കു കൊച്ചിയുടെ ഒരു സ്ഥിരം പ്രതിനിധി അവിടെ ഉണ്ടാകുന്നതു് നന്നായിരിക്കും എന്ന അഭിപ്രായം ശരിയാണു്. അതാണു് ഉപക്ഷേപകർത്രിയുടെ ആവശ്യം എന്നുണ്ടെങ്കിൽ അവർ അതാവശ്യപ്പെടട്ടെ. മന്ത്രിമാരുടെ ഡൽഹിയാത്ര ഒരു ഉപക്ഷേത്തെ അഹിക്കാത്തവിധം താരതമ്യേന അത്ര നിസ്സാരമായ ഒരു കാര്യമാണു്. അതിനിത്ര വളരെ പ്രാധാന്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മിസ്റ്റർ പി. കെ. ഡിവർ: കോൺസാമ്പിളിയിലും മറ്റും പോയ മന്ത്രി കൊച്ചി ഗവണ്മെൻറിൽനിന്നും ഇന്ത്യാഗവണ്മെൻറിൽനിന്നും ടി. എ. വാങ്ങിയെന്നു് ചില പത്രങ്ങളിൽ കണ്ടു. അതു ശരിയാണോ എന്നു് അറിഞ്ഞാൽ കൊള്ളാം.

Mr. P. Govinda Menon *(Minister for Food and Education):* Sir, it is a lie.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതിനുള്ള ചിലവു വഹിക്കുന്നതു എവിടെനിന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോൺസാമ്പിളിമെമ്പന്മാരുടെ നിലയിലുള്ള ചിലവു് നമ്മുടെ ഗവണ്മെണ്ടല്ലാ pay ചെയ്യുന്നതു്. It is paid from the Secretariat of the Constituent Assembly.

Mr. President: The Hon'ble Minister will reply.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: I want to speak Sir. മിസ്റ്റർ പ്രസിഡണ്ടു്, ഈ വിഷയം ഇവിടെ കൊണ്ടുവന്നതിന്റെ നിസ്സാരതയെപ്പറ്റി, എന്റെ മാന്യ സ്നേഹിതൻ മുളകുന്നത്തുകാവു് മെമ്പർ ഇവിടെ പറയുകയുണ്ടായി. വേറെ ചില വിഷയങ്ങളെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. ഒരു ഹൈകമ്മീഷണർ—ആഫ്—കൊച്ചിൻ നൃ ഡൽഹിയിൽ ഉണ്ടായിരിക്കുന്നതു് ഒരു പക്ഷെ നന്നായിരിക്കും. അതാണോ, ഉപക്ഷേപകർത്രിയുടെ ഉദ്ദേശം എന്നു് അദ്ദേഹം സംശയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചു് എനിക്കു പറയാനുള്ളതു് ഇവിടെ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ഞാൻ ഇന്നത്തെ വിദേ വിദ്യാഭ്യാസമന്ത്രിയെ കുറെയധികംകാലമായി അടുത്തു് പരിചയമുള്ള ഒരാളാണു്. അദ്ദേഹത്തിന്നു പല കാര്യങ്ങളിലുമുള്ള വൈദഗ്ദ്ധ്യത്തെപ്പറ്റി അദ്ദേഹത്തെക്കാൾ കൂടുതലായി എനിക്കറിയാം. കാരണം, അവനവൻ അവനവന്റെ ബലം വേണ്ടതു അറിഞ്ഞു എന്നു് വരുകയില്ല. ഇതു ഒരു മാതിരി എല്ലാ സമയങ്ങളിലും പരീക്ഷിക്കുവാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ടു്. ആ നിലക്കു അടുത്തയവസരത്തിൽ ഒരു പ്രത്യക്ഷപത്രം, അദ്ദേഹത്തിന്നയച്ചതിൽ പറഞ്ഞ മാതിരി കോൺസാമ്പിളിയിൽ കൊച്ചിയെ പ്രതിനിധീകരിക്കാൻ കൊച്ചിരാജ്യത്തു് അദ്ദേഹത്തെക്കാൾ നന്നായി പ്രവർത്തിക്കുന്ന ആളുകൾ ഉണ്ടെങ്കിൽകൂടി അദ്ദേഹംതന്നെ ധാരാളം മതിയെന്നു അദ്ദേഹവുമായി നേർട്ടുള്ള പരിചയംകൊണ്ടും അദ്ദേഹം അവിടെപ്പോയി ചെയ്തിട്ടുള്ള പ്രവൃത്തികളുടെ അനുഭവംകൊണ്ടും, ഞാൻ സമ്മതിക്കുന്നു. നിങ്ങളും അതു സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. കോൺസാമ്പിളിയിൽ കാണിച്ച മാതിരിയുള്ള സാമർത്ഥ്യം ഇവിടെ മന്ത്രിമാരുടെ കർത്തവ്യനിർവ്വഹണത്തിലും കാണിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും [illegible] നോട്ടിഫിക്കേഷൻ നോക്കിയാൽ കാണാം അദ്ദേഹം അതിനു മതിയായ ആളാണെന്നു്. പക്ഷെ ഒരാൾക്കു് എന്തിനും തുണിയുണ്ടെന്നുവെച്ചു് അയാളെ കണക്കിലേറെ കഷ്ടപ്പെടുത്താമെന്നു വിചാരിക്കുന്നതു് വലിയ സാഹസമാണു്. ഞാൻ ഇതു പറയുമ്പോൾ, മറ്റു മൂന്നുപേരും ചിരിച്ചുകൊണ്ടിരിക്കുന്നതിനെ ഞാൻ ആക്ഷേപിക്കുന്നു. നിങ്ങൾ മൂന്നാളുകളുംകൂടി വീതിച്ചെടുക്കേണ്ടഭാരം ശ്രീമാൻ പനമ്പിള്ളിയുടെ തലയിൽതന്നെ ചുമത്തിയതു ന്യായമല്ലെന്നാണു് എനിക്കു തോന്നുന്നതു്. ഫുഡ്, ലേബർ, ടെക്സ്റ്റയിൽസ്, എഡ്യൂക്കേഷൻ, എന്നിങ്ങനെ വലിയ ഘനമുള്ള നാലു വകുപ്പുകൾ അദ്ദേഹത്തിന്റെ തലയിൽ കെട്ടിവെച്ചതിൽ നിങ്ങൾ പരിതപിക്കണം. അതു് പറയുമ്പോൾ ആണു് നിങ്ങളുടെ മുഖത്തു ഒരു വെറുപ്പുകാണുന്നതു്. അദ്ദേഹത്തോളം നിങ്ങൾക്കു സാമർത്ഥ്യമില്ലെങ്കിലും അദ്ദേഹം പറയുന്നതു ശമ്പളവും മറ്റും നിങ്ങൾക്കും വാങ്ങണം.

Mr. President: I expect the Hon'ble Members to keep up the dignity of the House.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: I am not speaking in anything but a serious mood. ഇതുപോലെ ഗൗരവമേറിയ വിഷയങ്ങൾ കൈവശംവെച്ചുകൊണ്ടിരിക്കുന്ന ഒരു മന്ത്രിയുടെ, ആദ്യമായി ഡൽഹിയിൽ നടന്ന ഫുഡ് കോൺഫറൻസിൽ പോകാതെ കഴികയില്ല. പല സംഗതികളും അദ്ദേഹം അവിടെ പറയുകയുണ്ടായി; നമുക്കതിന്റെ അനുഭവവും ഉണ്ടായിട്ടുണ്ടു്. മഹാരാജാവു് തിരുമനസ്സുകൊണ്ടു നെഗോഷ്യേറ്റിങ്ങു് കമ്മറ്റിയിലേക്കു ഇവിടെനിന്നു് പ്രതിനിധിയെ അയക്കാൻ നിശ്ചയിക്കുകയും, അതിന്നു് നമ്മുടെ മന്ത്രിയെ അയക്കുകയും ചെയ്തു. അവിടെ നടക്കുന്ന സംഗതികൾ വളരെ വിരളമായിട്ടേ പത്രങ്ങളിൽ കാണുന്നുള്ളു. എങ്കിലും തന്റെ കഴിവനുസരിച്ചും, കൊച്ചിയുടെ അന്തസ്സു് പാലിക്കത്തക്കവിധവും, അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. അതു് അദ്ദേഹത്തിന്റെ രണ്ടാമത്തെ യാത്രയാണു്. മൂന്നാമത്തെ യാത്ര കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയിലേക്കു ഈ നിയമസഭയിൽനിന്നും ഐകകണ്ഠ്യേന അദ്ദേഹത്തെ തിരഞ്ഞെടുത്തതിന്നു് ശേഷമുള്ളതാണു്. കോൺസാമ്പിളിയിൽ അദ്ദേഹം എന്തുചെയ്തു എന്നു് ഇതഃപര്യന്തം നമുക്കു മനസ്സിലായിട്ടുണ്ടു്. അദ്ദേഹത്തിന്റെ വ്യക്തി മാഹാത്മ്യം കൊണ്ടും, അദ്ദേഹം കൊച്ചിയിൽനിന്നും പോയ ഒരു മന്ത്രിയാണു് എന്നുള്ളതുകൊണ്ടും, മറ്റു നാട്ടുരാജ്യങ്ങളിലെ പ്രതിനിധികൾക്കു, കോൺസാമ്പിളിയിൽ കിട്ടാൻ സാധിയ്ക്കാത്ത യോഗ്യതയുള്ള പല സ്ഥാനങ്ങളിലുംനിന്നു് പ്രവർത്തിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടുണ്ടു്; അതെല്ലാം നാം അറിഞ്ഞിട്ടുമുണ്ടു്. ഇന്നലെ ഞാനും അദ്ദേഹവും തമ്മിൽ സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിൽ, സാധാരണ കാണുന്ന മാതിരി, ഇപ്പോഴത്തെ യാത്രയെ സംബന്ധിച്ചുള്ള വിവരങ്ങളൊന്നും കാണാത്തതു് എന്താണു് എന്നു്, ഞാൻ അദ്ദേഹത്തോടു ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞതു്, അവിടെ പറയത്തക്ക വിശേഷങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലായെന്നാണു്. കോൺസാമ്പിളിയിലെ കാര്യം പറയുകയാണെങ്കിൽ ജൂലായി അവസാനത്തോടുകൂടി ഇപ്പോഴത്തെ സമ്മേളനം അവസാനിക്കുമെന്നാണു് കടലാസിൽ കാണുന്നതു്. എങ്കിലും നമ്മുടെ പ്രതിനിധി ശനിയാഴ്ച ഇവിടെ എത്തുകയുണ്ടായി. അദ്ദേഹം അവിടെനിന്നു് പോന്നശേഷവും കോൺസാമ്പിളി നടന്നു പോരുന്നുണ്ടു് എന്നാണു് എന്റെ അറിവു്. ഇപ്പോൾ കോൺസാമ്പിളിയിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു ആത്മാർത്ഥതയോടുകൂടി വിവേകത്തോടുകൂടി, എന്തുംശക്തിയോടെ നമ്മുടെ രാജ്യത്തിന്റെ ഭാഗം വാദിക്കാൻ തുണിയുള്ള ഒരാൾക്കു അവിടെ നി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ൽക്കാൻ സാധിക്കാതെ വന്നു. കാരണം അദ്ദേഹം ഇവിടത്തെ മന്ത്രിയാണു്. ഈ അവസരത്തിൽ ഇവിടെ നടക്കാൻ പോകുന്നതു് ഏറ്റവും പ്രധാനമായ ബഡ്ജറ്റ് യോഗമാണു്. നാലഞ്ചു് ഡിപ്പാർട്ടുമെണ്ടുകളുടെ ചാർജ്ജു് വഹിക്കുന്ന അദ്ദേഹത്തിന്നു് ഈ ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ചു്, ഉണ്ടാകുന്ന ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും വിശദമായ വിവരങ്ങൾ കൌൺസിലിൽ നൽകേണ്ടതുണ്ടു്. അദ്ദേഹം ഡൽഹിയിലായിരുന്നാപ്പോലും, ഇവിടത്തെ ഭക്ഷണനില അധഃപതിക്കുന്നു എന്നു് അദ്ദേഹം മനസ്സിലാക്കുന്നുണ്ടായിരുന്നു. കോൺസ്റ്റിറ്റ്യുവെൻറ അസംബ്ലിയിലെ വാദപ്രതിവാദങ്ങളിൽ ഒരു പക്ഷേ, അദ്ദേഹം സജീവമായി പങ്കെടുക്കാതിരുന്നിട്ടുണ്ടെങ്കിൽ ഇവിടത്തെ ഭക്ഷണനില അനുദിനം അധഃപതിക്കുന്നതുകൊണ്ടുള്ള മനോവേദന കൊണ്ടായിരുന്നുവോ എന്നു് ഞാൻ സംശയിക്കുന്നു. ഞാൻ അദ്ദേഹത്തിന്നയച്ച പ്രത്യക്ഷപത്രത്തിൽ ഞാൻ ആത്മാർത്ഥതയോടുകൂടി ചെയ്ത അഭ്യർത്ഥന ഇതാണു്. നിങ്ങളുടെ രക്ഷക്കുവേണ്ടിതന്നെ, നിങ്ങൾ ഭരണം നടത്തുന്ന ഡിപ്പാർട്ടുമെണ്ടിന്റെ ശരിയായ നടത്തിപ്പിന്നുവേണ്ടി നിങ്ങൾ മെമ്പർ ആയിരിക്കുന്ന കോൺസ്റ്റിറ്റ്യുവൻറ് അസമ്പിളിയിൽ, നമ്മുടെ രാജ്യത്തെ ബാധിക്കുന്ന സംഗതികളെപ്പറ്റി ശരിയായി വാദിക്കുന്നതിന്നുവേണ്ടി ഏതെങ്കിലും ഒന്നു നിങ്ങൾ വിട്ടുകളഞ്ഞു നിങ്ങൾ സ്വീകരിക്കുന്ന ഭാഗത്തുനിന്നു്, നാട്ടുകാർ പ്രതീക്ഷിക്കുന്നതെല്ലാം നിങ്ങൾ നാട്ടുകാക്കു നൽകണം, സാധുക്കളെ രക്ഷിക്കുണം, എന്നായിരുന്നു ഞാൻ അതിൽ പറഞ്ഞിരുന്നതു്. എന്നാൽ നിർഭാഗ്യവശാൽ എന്നു് പറയട്ടേ അതു്, സ്വീകരിക്കുകയുണ്ടായില്ല. പോട്ടഫോളിയോ ഇല്ലാത്ത ഒരു മന്ത്രിയായി, അദ്ദേഹം അവിടത്തെ സ്ഥാനം തുടരാൻ പോകുന്നു എന്നു് ഒരിക്കൽ കടലാസ്സിൽ കണ്ടു. മിസ്റ്റർ രാജ പറഞ്ഞ മാതിരി "ഒരു മന്ത്രിയുടെ നിലയിൽ ഇരിക്കുന്ന ഒരാൾ കോൺസാമ്പിളിയിൽ പോകുന്നതാണു്, ആ സ്ഥാനം ഇല്ലാത്ത ഒരാൾ പോകുന്നതിനെക്കാൾ നല്ലതു്; അതുകൊണ്ടു് വളരെ ഗുണങ്ങൾ ഉണ്ടു്" എന്നുള്ളതു് ഞാൻ സമ്മതിക്കുന്നു. മിസ്റ്റർ രാജായ്ക്കോ, എനിക്കോ അല്ലെങ്കിൽ, ഞങ്ങളെപ്പോലെയുള്ള ഈ നിയമസഭയിലെ മറ്റു സ്നേഹിതന്മാർക്കോ മറ്റു യോഗ്യന്മാരായ മാന്യന്മാർക്കോ നിശ്ചയമില്ലാത്ത അനവധി സംഗതികൾ അദ്ദേഹത്തിന്നറിയാം. അങ്ങിനെയുള്ള അദ്ദേഹം ഇവിടെ ഇല്ലെങ്കിലും ഇവിടത്തെ കാര്യങ്ങൾ കോട്ടംകൂടാതെ നടക്കും. എന്നാൽ കോൺസാമ്പിളി നടക്കുമ്പോൾ അവിടെ ഇല്ലാതിരിക്കുന്നതു ക്ഷന്തവ്യമല്ലതന്നെ. കടലാസ്സിൽ കാണുന്നവ്വത്തമാനങ്ങൾ ശരിയാണെന്നു് വരുകിൽ, കോൺസാമ്പിളിയിൽ ഈ ദിവസങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കുമ്പോൾ, കൊച്ചി കണ്ണിൽ എണ്ണ ഒഴിച്ചിരിക്കേണ്ട ഒരു സന്ദർഭമാണിതു് എന്നു കാണുന്നുണ്ടു്. കൊച്ചിയുടെ പരിരക്ഷക്കു വേണ്ട കാര്യങ്ങൾ വാദിക്കാൻ ഏറ്റവും സാമർത്ഥ്യമുള്ള ഒരാൾ ഇപ്പോൾ അവിടെ ആവശ്യമാണു്. ഞാൻ ഇതിന്നുമുമ്പു് കേട്ട സംഗതിയിൽ, തിരുവിതാംകൂർ കോൺസാമ്പിളിയുമായി നിസ്സഹരിക്കുന്നുവെന്നതിൽ, ഞാൻ പ്രതിഷേധിക്കുന്നു. എങ്കിലും കൊച്ചിയുടെ രക്ഷയെ ഓർത്തു ഞാൻ അതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു. നമ്മുടെ രാജ്യത്തിന്റെ കാര്യം വരുമ്പോൾ ഞാൻ വലിയ സ്വാർത്ഥിയാണു്. ഈ രാജ്യത്തിന്റെ രക്ഷക്കു വേണ്ടി അദ്ദേഹം അവിടെ ഇരിക്കുമെന്നു് ഞാൻ വിചാരിച്ചു. എന്റെ സ്നേഹിതന്റെ സകല കഴിവുമനുസരിച്ചു് പ്രവർത്തിക്കാൻ രാപകൽ കോൺസാമ്പിളിയിൽ ഇരിക്കേണ്ട ഒരു ഘട്ടത്തിലാണു് നാമിന്നു ഇരിക്കുന്നതു്. അതുകൊണ്ടു് ഞാൻ പറയുന്നു, എന്റെ സ്നേഹിതനു ഇതു രണ്ടും കൂടി നടത്താനുള്ള ത്രാണിയുണ്ടെന്നിരുന്നാലും—ഞാൻ സമ്മതിക്കുന്നില്ല—അദ്ദേഹം ഇങ്ങിനെ ബുദ്ധിമുട്ടരുതു എന്നു്. ഒരു സ്ഥിരമായ പ്രതിനിധിയെ, ഡൽഹിയിൽ, കൊച്ചിൻ ഹൌസ്സിൽ താമസിപ്പിച്ചു്, നമ്മുടെ കാര്യങ്ങൾ നിർവ്വഹിക്കാൻ നിയുക്തനാക്കുക. അല്ലെങ്കിൽ മന്ത്രിസ്ഥാനമുള്ള ഒരാൾതന്നെ വേണമെന്നുണ്ടെങ്കിൽ അങ്ങിനെയുള്ള ഒരാളെ അങ്ങോട്ടയയച്ചു് അവിടത്തെ കാര്യങ്ങൾ മുഴുവൻ കഴിയുന്നതുവരെ അവിടെ താമസിച്ചതിന്നുശേഷം മടങ്ങിപ്പോരുക. ശ്രീമാൻ പനമ്പിള്ളിയെപ്പോലെ ത്രാണിയുള്ള ഒരാളെവേണം അങ്ങോട്ടയക്കാൻ. അദ്ദേഹത്തെപ്പോലെ ത്രാണിയുള്ള ഒരാൾ ഇവിടെ ഇല്ലെങ്കിലും ബാക്കിയുള്ള മൂന്നു പേരെപ്പോലെയുള്ളവർ ഉണ്ടായാലും മതി ഇവിടത്തെ കാര്യങ്ങൾ നടന്നുപോകാൻ.

Mr. President: Yes. The Hon'ble Member may continue.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതുകൊണ്ടു് ഒരു നിമിഷംപോലും കളയാതെ ഈ കാര്യത്തിൽ ഒരു തീരുമാനം വരുത്തണം എന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തിന്റെ താല്പര്യത്തോടു യോജിക്കുന്നു.

Mr. P. Govinda Menon (*Minister for Food and Education*): Mr. President, I am extremely thankful to my friend, the Hon'ble Member from Vadakkancheri, who paid some compliments to me. I am also happy to have got an occasion to clear certain misunderstandings which exist about this matter and I am glad to learn from Mrs. Francis that it was with the intention of getting certain information about these things that this cut motion has been introduced in this House.

Sir, after I assumed the Office of a Minister I had occasion to go 6 times to New Delhi. The first occasion which I went was to attend the Labour Ministers' Conference which was convened in New Delhi by the Government of India. To that Conference I had to go in my capacity as Minister in charge of Labour. Had I not gone, surely it would have been a failure of duty? The next occasion on which I went to New Delhi was to represent this Government before the Negotiating Committee of the Indian Constituent Assembly. Thereafter on 4 occasions I had to go to Delhi twice to attend the open meetings of the Constituent Assembly and twice to participate in the Committee meetings of the Union Constitution Committee. As the House is well aware, the Union Constitution that is going to be framed by the Constituent Assembly is subject to certain limitations—one which will be applicable to the Provinces as well as the States which become the Units of the Indian Union. It is, therefore, the look, out of the Government of Cochin too to see what the nature, what the shape, what the tendencies, of this Union Constitution would be. And I can assure this House that my presence in the Union Constituent Assembly as a member thereof by virtue of a nomination made by the President of the Constituent Assembly has been of great help to the Cochin Government, assuming that I have been able to do something there in this Committee. There is an impression that because of these trips my work as a Minister has suffered. Whether it is proper or not that both these functions should be discharged by one and the same individual, that is a different matter. The question that was raised was whether I have failed to discharge any of my duties as Minister here. I wish to inform the Hon'ble Member that there has been no occasion whatsoever in which that has happened. About some of the details that were referred to, I will speak later. But, I wish to inform this House that the impression in the minds of certain people and to which expression was given by the Hon'ble mover of this cut motion, that there is a rule or a direction that members or Ministers of the Provinces shou'd not take part in the Constituent Assembly—is absolutely wrong. It is just the other way. For the information of this House I can say that there are 7 Ministers from Madras in the Indian Constituent Assembly to-day. They are Messrs. Chandra Mouli, Gopal Reddy, Madhava Menon, O. P. Ramaswami Reddiar, Sitharam Reddy, Dr. Subbarayan and Kala Venkita Rao. From the Province of Bombay there is one Minister in the Constituent Assembly who happens to be the Prime Minister, the Hon'ble Mr. B. G. Kher, From West Bengal, the newly created constituency, there is at least one member of the Cabinet in the Constituent Assembly Mr. Upendra Nath Barman, from the United Provinces the Prime Minister Govind Ballabh Panth, the Hon'ble Dr. Kailasa Nath Katju, the Hon'ble Mrs. Vijaya Lakshmi Pandit and the Hon'ble Mr. Rafi Ahamed Kidwai, all the four of the Ministers are also members of the Constituent Assembly. From Behar two of the Ministers including the Prime Minister, the Hon'ble Mr. Sri Krishna Sinha are members of the Constituent Assembly. From the Central Provinces the Hon'ble Ravi Sankar Shukla is a member of the Constituent Assembly. From Assam, a very small Province, three Ministers, the Hon'ble Basanta Kumar Das, the Prime Minister, the Hon'ble Gopi Nath Bardoli, the Hon'ble J. J. M. Nichols-Roy these three are members of the Constituent Assembly. From Orissa, the Prime Minister Hare-Krishna Mehtab is a member of the Constituent Assembly. And coming to the Indian States, I find that Sir A. Ramaswami Mudaliar, the Diwan of Mysore, Mr. M. A. Srinivasan, the Prime Minister of Gwalior, Sir B. L. Mitter, Diwan of Baroda, Dr. Mohan Singh Mehta, Prime Minister of Udayapur, Rao Bahadur V. T. Krishnamachari, Prime Minister of Jaipur, Mr. C. S. Venkatachar, Prime Minister of Jodhpur, Sirdar K. M. Panicker, Prime Minister, Bikaner, Dr. N. B. Khare, Prime Minister of Alwar, Lt. Col. Dalel Singhji, Minister-in-waiting, Kotah, Himmath Singh K. Maheshwari, Chief Minister of Cooch Behar, Col. B. H. Zadi, U. P. States Group, Mr. A. P. Pattani, Prime Minister of Bhavanagar State, Khan Bahadur D. Kothawala, Diwan of Rajpipala State and Rao Sahib Raghu Raj Singh, Diwan of Surguja State. These several Ministers are members of the Constituent Assembly.

Mrs. T. Francis (*Ernakulam-Women*): Sir, apart from these Diwans of the States, I should like to know whether there was a deliberation in the Constituent Assembly that provincial Ministers either they should be or they must resign and represent in the Constituent Assembly.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon (*Minister for Food and Education*): That is why I referred to the several names of the Ministers who are members of the Constituent Assembly.

Mrs. T. Francis (*Ernakulam-Women*): May I know, Sir, are they going to continue like that?

Mr. P. Govinda Menon (*Minister for Food and Education*): Yes, Sir. If the Hon'ble Member had referred to the Madras Papers, she would have found that they have been ordered to continue till October. Now those things are not applicable to us. Why I refer to these is this. The impression that there has been a direction that these people can continue either as members of the Constituent Assembly or as members of their respective Cabinets is wrong. I give that first-hand information to this House. Now Sir, anyhow this matter has become almost historic, because the deliberations of the Constituent Assembly are almost coming to a close. Sir, the Hon'ble mover of the cut motion did not refer to anything further than making these generalisations.

The Hon'ble Member, Mr. Raghavan referred to certain things, certain deteriorations in the situation here which happened, and he attributed that to my absence in Cochin. I must say that that impression is not correct. In fact, had I not been in Delhi by about the 14th or 15th of this month, had I not been there at that time, I may have had to go there in connection with the food situation here. When the food situation deteriorated there is no use of writing letters and sending telegrams about it. It was quite necessary at that time either for the Minister or for some other functionary to go to New Delhi, meet the authorities there, make representations regarding the food situation and get a sufficient quota for Cochin. It was exactly that work which I did in New Delhi from the 16th of July. While I got information about the situation here it is on account of my exertions also—I don't say it is due to my cleverness—that we were able to get some quota intended to other centres diverted to Cochin.

The Hon'ble Member further said that text books are not available and other things. I leave those things there. I can only say that that is all references making to statements which have absolutely no relevancy to this matter.

Mr. President, I have not very much to add to what I have stated. But Mr. Ezhuthassan said that I ought to have been in the Constituent Assembly today. But the fact is this, Sir. The Union Constitution Committee has already drafted a constitution for the Constituent Assembly to accept. I was a member of that Committee. And that constitution has been adopted in the party meetings in New Delhi, and there after it is almost a formality for the Constituent Assembly to accept the Constitution framed by that Committee. It is because these big Assemblies will not be able to debate upon the nature of the Constitution that the work has been entrusted to these Committees and I have taken part in those Committees and have contributed my share.

Before I sit down, Sir. I must once more tell this house that my work as a Minnister has not suffered, on account of my going to Delhi. If it has suffered, it is oly on account of my failures; if it has suffered it is only on account of my weakness; if it has suffered; it is only on account of my inability to cope with the situation.

Mrs. T. Francis (*Ernakulam-Women*): A question Sir, just to know, had you been here and if you had checked all the depots.....

Mr. President: That is a point the Hon'ble Member can raise in the reply.

Mr. P. Govinda Menon (*Minister for Food and Education*): That is a matter of opinion, Sir, however much you may search, unless there is rice, you won't get it.

Mrs. T. Francis (*Ernakulam-Women*): Sir, I am glad that the Hon'ble Minister has explained his position thoroughly. All the same, I think, if the Hon'ble Minister had been here and had known the exact measurements of rice in the several depots and fair price-shops of Cochin State, I think he could have been able to raise the ration a little more than what it is today than to have made these people suffer. But in very many cases, I am a person who believes one thing at a time. There may be defects here and there in things managed by a single person. It is to bring to the notice of the House such things that I have moved this cut motion. Of course, the Hon'ble Minister has given the House sufficient explanation over this matter, and as my friend Mr. Ezhuthassan has said I do believe in his capacity and ability as a constitution making individual. We desire his presence very much here also. That is my last word.

Mr. President: The Hon'ble Member is not pressing the motion.

Mrs. T. Francis (*Ernakulam-Women*): No, I am not pressing.

Motion, by leave, withdrawn

LIBRARY ARCHIVES Kerala Legislative Assembly